റിപ്പബ്ലിക് ദിനാഘോഷങ്ങൾക്കായി തിരുവനന്തപുരം ജില്ലാ കളക്ടർക്ക് പ്രത്യേകമായി ഫണ്ട് അനുവദിക്കാറുണ്ട്. 2016-ലെ റിപ്പബ്ലിക് ദിനാഘോഷവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ജില്ലാ കളക്ടർക്ക് ഒരു ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. മറ്റ് ജില്ലാ ഭരണകൂടങ്ങൾക്ക് അഡ്വാൻസായി തുക അനുവദിക്കാറില്ല. ജില്ലാ കളക്ടർമാർ അധിക ഫണ്ട് ആവശ്യപ്പെടുന്ന സാഹചര്യങ്ങളിൽ ഫണ്ട് ലഭ്യതയ്ക്ക് വിധേയമായി കൂടുതൽ തുക അനുവദിക്കാറുണ്ട്.

(സി) സ്വകാര്യ വാഹനങ്ങൾ വാടകയ്ക്ക് എടുക്കുന്നതുൾപ്പെടെയുള്ള ചെലവുകൾ ജില്ലാ കളക്ടർമാരുടെ ഫണ്ടിൽ നിന്നാണ് നിർവ്വഹിച്ചുവരുന്നത്.

ജനസമ്പർക്ക പരിപാടിയിലെ വാഗ്ദാനം

33 (3) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ കഴിഞ്ഞ തവണ നടത്തിയ ജനസമ്പർക്ക പരിപാടിയിൽ പൊന്നാനി മണ്ഡലത്തിലെ പൂർണ്ണമായി തകർന്ന കടൽഭിത്തികൾ പുനർനിർമ്മിക്കുന്നതിന് 18 കോടിരൂപ അനുവദിക്കുമെന്ന പ്രഖ്യാപനം നടപ്പാക്കിയിട്ടുണ്ടോ;

(ബി) ഇതിനുള്ള എസ്റ്റിമേറ്റ് ഇറിഗേഷൻ വകുപ്പ് വഴി സർക്കാരിനു ലഭിച്ചിട്ടുണ്ടോ; അവ നടപ്പാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ;

(സി) തീരദേശ റോഡുകൾ അടക്കം കടൽ കവർന്ന് ഗതാഗതം സ്തംഭിച്ച തീരദേശ മേഖലയിൽ അടിയന്തരമായി പദ്ധതി നടപ്പാക്കുമോ?

ഉത്തരം

(എ-സി) പൊന്നാനി മണ്ഡലത്തിലെ തകർന്ന കടൽഭിത്തികൾ പുനർനിർമ്മിക്കുന്നതിന് 18 കോടി രൂപയുടെ എസ്റ്റിമേറ്റ് ജലവിഭവ വകുപ്പിൽ ലഭിക്കുകയുണ്ടായി. എന്നാൽ കേരള നിയമസഭയുടെ ഉറപ്പുകൾ സംബന്ധിച്ച സമിതി (2011-2014) യുടെ തീരുമാനപ്രകാരം കേരളത്തിന്റെ തീരപ്രദേശങ്ങളിൽ അനുഭവപ്പെടുന്ന കടൽക്ഷോഭങ്ങളെക്കുറിച്ച് സമഗ്രമായ പഠനം നടത്തുവാനും കടൽക്ഷോഭത്തെ തടയുന്നതിന് പുലിമുട്ടുകൾ ഫലപ്രദമാണോ എന്ന് പരിശോധിക്കുന്നതിനുംവേണ്ടി കേന്ദ്ര ജലവിഭവ വകുപ്പിന്റെ കീഴിലുള്ള പൂനെയിലെ CWPRS -നെ (Central Water Power Research Station) ചുമതലപ്പെടുത്തുകയും, ആയതുപ്രകാരം ലഭ്യമായ CWPRS-ന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കടൽഭിത്തി/പുലിമുട്ടുകളുടെഡിസൈൻ തയ്യാറാക്കിയതിനു ശേഷം , ഈ പ്രവൃത്തി ഉൾപ്പെടെയുള്ള തീരസംരക്ഷണ പ്രവൃത്തികൾ നടപ്പിലാക്കാൻ ചീഫ് എഞ്ചിനീയർക്ക് (ജലസേചനവും ഭരണവും) നിർദ്ദേശം നല്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly